# മാർ ഗബ്രിയൽ—ഇന്ത്യായുടെ മെത്രാപ്പോലീത്ത.

(1705—1730)

ഗോവ ആർച്ചുബിഷപ്പായ അലക്സിയോ മെനസെസ്സ് മലബാറിലെ സുറിയാനി ക്രിസ്ത്യാനികളെ മാർപ്പാപ്പയുടെ മേൽക്കോയ്മയിലാക്കുന്നതിനുവേണ്ടി വിവിധതന്ത്രങ്ങൾ പ്രയോഗിച്ചുനോക്കി. എന്നാൽ തൻെറ ഉദ്യമങ്ങളെല്ലാം വിജയത്തിൽ കലാശിച്ചില്ല. എന്തുകൊണ്ടെന്നാൽ 1599-ലെ ഉദയംപേരൂർ സുൻഹാദോസ്സിലേയ്ക്കു് കടൽ തീരപ്രദേശങ്ങളിൽനിന്നാകന്നു് പോർത്തുഗീസ്സാധിപത്യത്തിലല്ലായിരുന്ന മിക്ക പള്ളികളും പ്രതിനിധികളെ അയയ്ക്കുകയുണ്ടായില്ല. സുൻഹാദോസ്സിൽ സംബന്ധിച്ചവർ തന്നെ കൂനൻകുരിശുസത്യത്താൽ മാർപ്പാപ്പയുടെ ആധിപത്യത്തെ നിരസിച്ചു. ആയതിനാൽ പറങ്കികൾ പിന്നേയും മർദ്ദനം തുടർന്നുവന്നു. കിഴക്കിൻെറ പാത്രിയർക്കീസ്സന്മാരാൽ അയയ്ക്കപ്പെട്ടവരായ അനവധി മെത്രാപ്പോലീത്തമാരെ അവർ ഉപദ്രവിച്ചുതുടങ്ങി. പ്രസ്തുത കാലയളവിൽ ഇന്ത്യയിലെ സഭാമക്കൾ അഭിഷേകക്രിയകൾ നിർവ്വഹിക്കുന്നതിനുകൂടി അപ്പിസ്കോപ്പമാരില്ലാതെ കഴങ്ങിവശായി. തദവസരത്തിലാണു് ജറുശലേമിൽനിന്നു് കൊല്ലവർഷം 1665-ൽ ഒരു യാക്കോബായ മെത്രാൻ ഇവിടെയെത്തിയതു്. അദ്ദേഹത്തിൻെറ മതസിദ്ധാന്തങ്ങ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

ളെക്കുറിച്ച് ആരായുന്നതിനു മുമ്പുതന്നെ മദ്ധ്യപൌരസ്ത്യദേശത്തു
നിന്ന് ഒരു മെത്രാനെ കിട്ടിയല്ലോ എന്നുവിചാരിച്ച് കുറെ ജന
ങ്ങൾ അദ്ദേഹത്തെ അത്യന്തം സന്തോഷത്തോടുകൂടി സ്വാഗതം
ചെയ്തു. ഇവരുടെ സന്താനങ്ങളാണ് ഇന്നത്തെ യാക്കോബായ സു
റിയാനിക്കാർ.

എന്നാൽ ജനങ്ങളിൽ ഭൂരിഭാഗവും തങ്ങളുടെ പൂർവ്വികന്മാരുടെ
വിശ്വാസം കാത്തുവന്നവരായ മെത്രാപ്പോലീത്തമാരുടെ ആവിർഭാവം
ക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. കിഴക്കിന്റെ കാതോലി
ക്കോസ്സ് പാത്രിയർക്കീസ്സുമാരാകട്ടെ അവരെ ക്രമാനുസാരം നിയോഗി
ച്ചുകൊണ്ടുതന്നെയിരുന്നു. പക്ഷെ വഴിപിഴച്ചവരായ പോർത്തുഗീസ്സ്
മർദ്ദനത്താൽ ചിലർക്ക് ഉദ്ദിഷ്ടസ്ഥാനങ്ങളിലെത്തുവാൻ കഴിഞ്ഞി
ല്ലെന്നുമാത്രം. എത്രയേറെ മെത്രാന്മാരാണ് പോർത്തുഗീസ്സ് മർദ്ദ
നത്താൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയതെന്ന് ഗണിക്കുക
വയ്യാ. നിർദ്ദയമർദ്ദനത്തിന്നധീനരായിട്ടുപോലും അവയെ ഗണ്യ
മാക്കാതെ തങ്ങളുടെ ദിവ്യരക്ഷകന്റെ ആടുകളെ മേയ്ക്കുന്നതിന്നു
വേണ്ടി ഇന്ത്യയിലെത്തിച്ചേരുവാൻ കഴിഞ്ഞ ആ ഭാഗ്യവാന്മാരിൽ
ഒരു പ്രമുഖവ്യക്തിയാണ് മാർ ഗബ്രിയൽ.

പോർത്തുഗീസുകാരാൽ തട്ടിക്കൊണ്ടുപോകപ്പെട്ട മാർ ശീമോൻ
എന്ന നമ്മുടെ മെത്രാപ്പോലീത്തയുടെ അനന്തരഗാമിയായി മാർ
ഗബ്രിയൽ ഇവിടെയെത്തിയത്. പോർത്തുഗീസ്സുകാരുടെ ഈ നി
ഷ്ഠുരമായ നടപടിയെപ്പററി മാർ ഗബ്രിയൽ ഡച്ച് അധികൃത
ന്മാരോട് അവലാതിപ്പെട്ടിട്ടുള്ളത് എന്താണെന്ന് വിഷറുടെ "മല
ബാറിൽനിന്നുള്ള എഴുത്തുകൾ" എന്ന പുസ്തകത്തിൽ രേഖപ്പെ
ടുത്തിയിട്ടുണ്ട്. അതിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "കൊ
ല്ലവർഷം 1700-ൽ കിഴക്കിന്റെ കാതോലിക്കോസ്സ് പാത്രിയർക്കീസ്സി
നാൽ നിയോഗിക്കപ്പെട്ടവനായി മാർ സൈമൺ ഇന്ത്യയിലെ മല
ബാറിൽവന്നു. ഇന്ത്യായിൽ വരുന്നതിൽ തന്റെ ഉദ്ദേശമെന്തായി
രുന്നുവെന്ന് അദ്ദേഹം ഒരു ലേഖനം മുഖേന സുറിയാനി ക്രിസ്ത്യാ
നികളെ അറിയിച്ചിട്ടുണ്ടായിരുന്നു. അതിനാൽ പോർത്തുഗീസുകാർ
പടയാളികളെ കാവൽനിറുത്തി. അദ്ദേഹം ഇന്ത്യയിൽ എത്തിയ
ഉടനെ പിടിച്ചു തടവുകാരനാക്കി പോണ്ടിച്ചേരിയിലേയ്ക്കു് അവർ
അയച്ചു."

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മാർ ഗബ്രിയേലിന്റെ ജീവിതരീതിയും പ്രവർത്തനസമ്പ്രദായവും കൂടുതൽ വ്യക്തമാകുന്നതിന് അവയെ തന്റെ സമകാലീനനായ യാക്കോബായ മെത്രാപ്പോലീത്ത മാർ തോമസിന്റെ ജീവിതത്തോട് തുലനം ചെയ്യുന്നത് ഏറ്റവും ഉചിതമായിരിക്കും. മേൽ പ്രസ്താവിച്ച ഗ്രന്ഥത്തിൽ മാർ ഗബ്രിയേലിനെ കുറിച്ച് ഇപ്രകാരം പറയുന്നു. "പുരോഹിതന്മാർക്കു പുറമെ മാർ തോമാക്രിസ്ത്യാനികൾക്ക് ചില മെത്രാപ്പോലീത്തമാരുണ്ടായിരുന്നു. ബാഗ്ദാദിൽനിന്നെത്തിയ മാർ ഗബ്രിയൽ വൃദ്ധനും പ്രാചീന യഹൂദ പുരോഹിത വേഷസമ്പ്രദായം അനുസരിക്കുന്നവനുമായിരുന്നു. തലപ്പാവുപോലൊരു തൊപ്പിയും ഒരു നീണ്ട വെള്ളയാടിയും അദ്ദേഹത്തിനലങ്കാരമായിരുന്നു. വിനീതനും, ഈശ്വരഭക്തനുമായ അദ്ദേഹം മാംസം വർജ്ജിച്ചിരുന്നു. തെക്കെന്തൂരിലെ ഒരു വലിയ കുന്നിൽ മലബാർ നിവാസികൾക്ക് അനുയോജ്യമായരീതിയിൽ പണികഴിച്ചിട്ടുള്ള ഒരു വലിയ ബങ്കളാവിലാണ് അദ്ദേഹം കഴിഞ്ഞുകൂടിയിരുന്നത്. നമ്മുടെ രക്ഷിതാവിൽ രണ്ട് സ്വഭാവങ്ങൾ (പൂർണ്ണ ദൈവസ്വഭാവവും പൂർണ്ണ മനുഷ്യസ്വഭാവവും) ഉണ്ടായിരുന്നു എന്ന നെസ്തോറിയൻ തത്വമായിരുന്നു അദ്ദേഹത്തിന്റേത്.

മാർ തോമാസ്സാകട്ടെ ഒരു മലബാർ നിവാസിയാണ്. കറുത്തചർമ്മത്തോടുകൂടിയവനും കാര്യങ്ങൾ നിഷ്പ്രയാസം ഗ്രഹിക്കുന്നതിനുള്ള കഴിവ് താരതമ്യേന കുറവുള്ളവനുമായിരുന്നു. ആഡംബരജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മാർ തോമാസ്സ് പുറത്തിറങ്ങുമ്പോൾ ആയുധധാരികളായ പട്ടാളക്കാർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കല്ലുകൾ തുന്നിച്ചേർത്തതായ ഒരു ശിരസ്സാവരണം അദ്ദേഹം ധരിച്ചുവന്നു. തന്റെ എതിരാളിയായ മെത്രാനെ എടത്തുട്ടുകാരൻ എന്നു കുറ്റം ആരോപിക്കുകയും സ്വമതമാഹാത്മ്യത്തിൽ അഭിമാനപുളകിതനാകുകയും ചെയ്തുവന്നു."

സമകാലീന രേഖകളിൽനിന്ന് തെളിയുന്നത് മാർ ഗബ്രിയേൽ ഒരു ലളിതജീവിതക്കാരനും ഈശ്വരഭക്തനുമാണെന്നാണ്. തന്റെ ശ്രേഷ്ഠവും ആദർശപരവുമായ ജീവിതം സ്വന്തം അനുയായികളെ മാത്രമല്ല വിവിധമത വിഭാഗങ്ങളെക്കൂടി തന്നിലേയ്ക്ക് ആകർഷിക്കുന്നതിനുകൂടി പര്യാപ്തമായിരുന്നു എന്നാണ് പറയുന്നത്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

'The Nestorian Missionary Enterprise'-ൻെറ കത്താവായ സ്റ്റിവേർട്ടിൻെറ അഭിപ്രായത്തിൽ റോമൻ ആധിപത്യം അംഗീകരിച്ചിരുന്ന Uniat സുറിയാനിക്കാർപോലും മാർ ഗബ്രിയേലിൻെറ കൂട്ടായ്മയെ ആഗ്രഹിക്കുന്നവരായിരുന്നു. Richter എന്ന മറെറാരു ലേഖകൻ പറയുന്നത് "യാക്കോബായ മെത്രാപ്പോലീത്തമാർക്കുതന്നെ ഗബ്രിയേലിൻെറ പ്രവത്തനങ്ങൾ ഒരു ഇളക്കം ഉണ്ടാക്കി എന്നാണ്."

മാർ തോമാസ്സ് എന്ന യാക്കോബായ മെത്രാനുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ഇടവകകൾ മാർ ഗബ്രിയേലിനുണ്ടായിരുന്നു. Rev: Hough-ൻെറ 'History of Christianity in India' എന്ന പുസ്തകത്തിൽ ഇതിന് മതിയായ ലക്ഷ്യങ്ങളുണ്ട്. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തോമാശ്ലീഹായുടെ ക്രിസ്ത്യാനികൾക്ക് അന്ന് രണ്ടു മെത്രാന്മാരാണ് ഉണ്ടായിരുന്നത്. അവരിൽ ഒരുവനായ മാർ തോമാസ്സിന് 22 ഇടവകകൾ മാത്രമേയുണ്ടായിരുന്നുള്ളു. ഇത് മററു മെത്രാനുണ്ടായിരുന്നതിനേക്കാൾ കുറവാണ്. അദ്ദേഹം ദക്ഷിണസഭകളെ ഭരിച്ചുവന്നു. സിറിയായിൽനിന്നെത്തിയ നെസ്തോറീസ്സുകാരനായ മാർ ഗബ്രിയേലായിരുന്നു മറെറാരു മെത്രാപ്പോലീത്താ." ഈ പ്രസ്താവനയിൽനിന്നും ഉത്തരസംസ്ഥാനങ്ങളിൽ അധിവസിച്ചിരുന്നവരായ നെസ്തോറീസ്സുകാർ എണ്ണത്തിൽ കൂടുതലുണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നു.

നമ്മുടെ രക്ഷിതാവിൻെറ മുന്തിരിത്തോട്ടത്തിൽ 25 കൊല്ലക്കാലം പ്രവത്തിച്ചതിനുശേഷം മാർ ഗബ്രിയേൽ കൊല്ലവർഷം 1730-ൽ കാലധർമ്മം പ്രാപിച്ചു. അദ്ദേഹത്തിൻെറ അവശിഷ്ടങ്ങൾ കോട്ടയം പള്ളിയിൽ ഇന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.

മാർ ഗബ്രിയേലിൻെറ മരണവൃത്താന്തം അറിഞ്ഞയുടനെ പാത്രയക്കീസ്സ് ഇന്ത്യയിലേയ്ക്കു മറെറാരു മെത്രാപ്പോലീത്തായെ നിയോഗിച്ചു. എന്നാൽ അദ്ദേഹം സൂററിലെത്തിയ ഉടനെ പറങ്കി മെത്രാന്മാർ തങ്ങളുടെ പരസ്പര സ്പർദ്ധകളെ തല്ക്കാലം വിസ്മരിച്ച് അദ്ദേഹത്തെ ഇവിടെയെത്താതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചു. മലമെറന്തായിരുന്നുവെന്ന് നിശ്ചയിക്കുകവയ്യ. (Christianity in India Vol- 2. p. 393.)

അങ്ങനെ 18-ാം നൂററാണ്ടിലെ ഇന്ത്യായിൽ, ഉദയംപേരൂർ സൂൻഹദോസ്സിനു മുമ്പുതന്നെ അതേ വിശ്വാസം കാത്തുവന്നവരായ നെസ്തോറീസ്സുകാർ, മാർപ്പാപ്പയുടെ മേൽക്കോയ്മ അംഗീകരിച്ചവർ, യാക്കോബായ വിശ്വാസക്കാർ എന്നിങ്ങനെ മൂന്നു് വ്യത്യസ്ത ക്രിസ്തീയ വിഭാഗങ്ങളുണ്ടായിരുന്നു. 'Malabar and the Dutch' എന്ന ഗ്രന്ഥത്തിൽ സുപ്രസിദ്ധ ചരിത്രകാരനായ സർദാർ കെ. എം. പണിക്കർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു "ഇക്കാലത്തു് റോമൻ ക്രിസ്ത്യാനികളല്ലാത്തവരുടെ ഇടയിൽക്കൂടി മതസിദ്ധാന്തങ്ങളെ സംബന്ധിച്ചു് ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. പ്രസ്തുത വേദസംഘട്ടനത്തിലെ പ്രമുഖ കക്ഷികളാണു് നെസ്തോറീസ്സുകാരും യാക്കോബായക്കാരും." കിഴക്കിന്റെ സഭാവിശ്വാസം ഉദയംപേരൂർ സൂൻഹദോസ്സോടുകൂടി നാമാവശേഷമായിയെന്നു് റോമൻ കത്തോലിക്കർ ഇനിയെങ്കിലും വിശ്വസിക്കാതിരുന്നാൽ ഭാഗ്യമായി.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS